# റെയ്ഡ് ആഗോള അജണ്ടയുടെ തുടർച്ച

**എൻ.പി. രാജേന്ദ്രൻ**

**കേരളീയത്തിന്** നേരെയുണ്ടായ പോലീസ് കടന്നാക്രമണം ഒരു ഭരണകൂട നയത്തിന്റെ ഭാഗമായി മനസ്സിലാക്കേണ്ട കാര്യമാണ്. ഇന്ത്യയിൽ ഇന്ന് സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഒരു രാഷ്ട്രീയ കാലാവസ്ഥയുടെ തുടർച്ചയാണ് ഈ റെയ്ഡ്. എല്ലാ ജനകീയ ചെറുത്തുനിൽപ്പുകൾക്ക് പിന്നിലും മാവോയിസ്റ്റ് സാന്നിധ്യമുണ്ടെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുകയാണ് പോലീസ്. ഉള്ളതോ ഇല്ലാത്തതോ ആയ മാവോയിസ്റ്റ് സാന്നിധ്യത്തിന്റെ പേരിൽ പ്രതിഷേധസ്വരങ്ങളെയെല്ലാം ഇല്ലാതാക്കാനുള്ള ശ്രമമാണ് നടക്കുന്നത്.

ഇന്റലിജൻസ് സംവിധാനങ്ങളുടെ ഒരു പൊതുനയമാണിത്. ഭരണകൂടത്തെ മറികടന്നുകൊണ്ട് പോലും ഭരണകൂട താത്പര്യം നടപ്പിലാക്കാൻ ശ്രമിക്കുകയാണ് അവർ ചെയ്യുന്നത്. തീവ്രവാദവും മൗലികവാദവുമായി മുദ്രകുത്തി എത്രയോ ചെറുത്തുനിൽപ്പുകളെ അവർ നിശബ്ദമാക്കിയിട്ടുണ്ട്. ആഗോളമായ ഒരു രാഷ്ട്രീയ അജണ്ടയുടെ ഭാഗമായാണ് നമ്മുടെ പോലീസ് സംവിധാനങ്ങളും പ്രവർത്തിക്കുന്നതെന്ന് ഈ സംഭവങ്ങൾ വ്യക്തമാക്കുന്നു. കോർപ്പറേറ്റ് നയങ്ങൾക്കനുസരിച്ച് ഭരിക്കാൻ ശ്രമിക്കുന്ന ഒരു ഭരണകൂടമാണ് നമുക്കുള്ളത്. അതുകൊണ്ടാണ് ഇത്തരം പോലീസ് ഇവിടെ സൃഷ്ടിക്കപ്പെടുന്നത്. മാധ്യമപ്രവർത്തനത്തിന് നേരെയുണ്ടായ ഒരു കടന്നുകയറ്റം മാത്രമായി കേരളീയം റെയ്ഡിനെ കാണരുത്. ഏതെങ്കിലും ഒരു വിഭാഗം നേരിടുന്ന പ്രശ്നം മാത്രമായി ഈ പോലീസിംഗിനെ കാണാനും ശ്രമിക്കരുത്. ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള മനുഷ്യന്റെ ഏറ്റവും മൗലികമായ സ്വാതന്ത്ര്യത്തിന് മേൽ ആഗോളമായി നടക്കുന്ന കടന്നുകയറ്റങ്ങളുടെ ഭാഗം മാത്രമാണിത്. എല്ലാ വിഭാഗങ്ങളും ഒന്നിച്ചുനിന്ന് നേരിടേണ്ട വിപുലമായ ഒരു പ്രശ്നമാണിത്. ■